വിഴിഞ്ഞം അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി

123 [580] ശ്രീ. റോഷി അഗസ്റ്റിൻ :
" തോമസ് ചാഴികാടൻ :
" കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് എത്രയെന്നും നടപ്പ് സാമ്പത്തിക വർഷം തന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമോ എന്നും വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിയുടെ അന്തർദേശീയ പ്രാധാന്യം വിശദമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ വികസന പദ്ധതിക്ക് ലഭിച്ച രണ്ട് ദർഘാസുകളുടെ പരിശോധനയിൽ ഉയർന്ന ഗ്രേഡ് ലഭിച്ച കെയ്ദി ഇലക്ട്രിക് പവർ കമ്പനി ലിമിറ്റഡ് എന്ന ചൈനീസ് കമ്പനി നയിക്കുന്ന കൺസോർഷ്യത്തിന്റെ ദർഘാസ് അംഗീകരിച്ചിട്ടുണ്ട്. ഇവർക്ക് ലെറ്റർ ഓഫ് ഇന്റൻഡ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 4360 കോടി രൂപയാണ്. ഒന്നാം ഘട്ടത്തിൽ 1850 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) ഇൻഡ്യയിലെ കണ്ടെയ്നർ ചരക്ക് ഗതാഗതം കഴിഞ്ഞ ദശാബ്ദത്തിൽ 15 ശതമാനത്തോളം വാർഷിക വളർച്ചാ നിരക്ക് കൈവരിച്ചിരുന്നെങ്കിലും അനുയോജ്യമായ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് സൗകര്യങ്ങളുള്ള തുറമുഖങ്ങളുടെ അഭാവം ഭാരതത്തിന്റെ കയറ്റിറക്കുമതി ചെലവുകളെ സാരമായി ബാധിക്കുകയുണ്ടായി. ഇപ്പോൾ ഇൻഡ്യൻ കണ്ടെയ്നർ ഗതാഗതത്തിന്റെ 70 ശതമാനത്തോളം വിദേശങ്ങളിലെ കൊളംബോ, ദുബായ്, സിംഗപ്പൂർ പോർട്ടുകൾ മുഖേന നടത്തിവരുന്നതിനാൽ ഇൻഡ്യക്ക് ഏകദേശം 1000 കോടി രൂപയോളം വാർഷിക നഷ്ടം വരുന്നുണ്ട്. വരുംകാലങ്ങളിൽ ഇത് കൂടിക്കൂടി വരും. വിഴിഞ്ഞം അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിതമാകുന്നതോടെ ഈ നഷ്ടം ഒഴിവാക്കാൻ കഴിയും. വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര കപ്പൽ ചാനലിന് വളരെ അടുത്തായതിനാലും അവിടെ പ്രകൃതിദത്തമായിതന്നെ വലിയ ആഴമുള്ളതിനാലും ഇപ്പോഴുള്ള വലിയ കണ്ടെയ്നർ കപ്പലുകൾക്ക് മാത്രമല്ല, ഭാവിയിൽ നിർമ്മിക്കുമെന്ന് പ്രതീക്ഷിക്കുന്ന മെഗാ കണ്ടെയ്നറുകൾക്കുവരെ വിഴിഞ്ഞം തുറമുഖത്ത് അടുക്കുവാൻ കഴിയും. ഇതുവഴി

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയുടേയും, ഇൻഡ്യൻ കണ്ടെയ്നർ മേഖലയുടെയും ട്രാൻസ്ഷിപ്പ്മെന്റ് ആവശ്യത്തിന്റെ സിംഹഭാഗവും ഇവിടെ തന്നെ നിർവഹിക്കാൻ കഴിയും. ഇപ്പോൾ വിദേശ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖങ്ങളിൽ വരുന്ന ചെലവ് ഇതുവഴി ലാഭിക്കുന്നതോടൊപ്പം, മറ്റു വിദേശ രാജ്യങ്ങളുടെ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതുവഴി വമ്പിച്ച തോതിൽ വിദേശനാണ്യം നേടാനും കഴിയുന്നതാണ്.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ

124 [T 581] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ;

(ബി) നാളിതുവരെ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി എന്ത് തുക ചെലവഴിച്ചു ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അവശേഷിക്കുന്ന പണികൾ എന്തെല്ലാം ; അവയ്ക്കുവേണ്ടി എന്ത് ചെലവാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പണികൾ പൂർത്തിയാക്കി തുറമുഖം എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം 1962-ലും രണ്ടും മൂന്നും ഘട്ടങ്ങൾ 1978-ലുമാണ് ആരംഭിച്ചത്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിന് 208 ലക്ഷം രൂപയും രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾക്ക് 1837.52 ലക്ഷം രൂപയും നാളിതുവരെ ചെലവായിട്ടുണ്ട്.

(സി) ചുറ്റുമതിൽ, ഗേറ്റ്, ടോയ്ലറ്റ് ബ്ലോക്ക് ഡ്രഡ്ജിംഗ് (മൂന്നാം ഘട്ടം) മൗത്ത് സംരക്ഷണം, പീലിംഗ് ഷെഡ് എന്നീ പണികൾ പൂർത്തീകരിക്കാനുണ്ട്. ഇവയുടെ പൂർത്തീകരണത്തിന് ഉദ്ദേശം 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ഡ്രഡ്ജിംഗ് പ്രവൃത്തി നടത്തേണ്ട ബേസിൻ ഏരിയായുടെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന 'ഖബർ' മാറ്റുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളുമായി നടത്തി വരുന്ന ചർച്ചകളിലൂടെ ഒരു പരിഹാരം കണ്ടെത്തി ഈ വർഷം തന്നെ നിർമ്മാണം പൂർത്തീകരിച്ച് ഹാർബർ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly